# സ്കൂൾ വാർത്ത

കുട്ടികളുടെ പത്രം ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കാസർകോട്. പരവനടുക്കം, 2009 ഡിസമ്പർ 7 – ലക്കം 3

### ഉപജില്ലാ പ്രവൃത്തി പരിചയ മേള

## എം ആർ എസിന് രണ്ടാം സ്ഥാനം

നായന്മാർമൂല : കാസർകോട് ഉപജില്ലാ സ്കൂൾ പ്രവൃത്തി പരിചയ മേളയിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ എം ആർ എസ് ഓവറോൾ രണ്ടാം സ്ഥാനം നേടി. പങ്കെടുത്ത പതിനെട്ടിനങ്ങളിൽ അഞ്ച് ഒന്നാം സ്ഥാനവും ആറ് രണ്ടാം സ്ഥാനവും നാല് മൂന്നാം സ്ഥാനവും നേടിയാണ് ഓവറോൾ രണ്ടാം സ്ഥാനത്തിന് അർഹമായത് . ഹൈസ്കൂൾ വിഭാഗത്തിലും എം ആർ എസ് മികവ് തെളിയിച്ചു.





പങ്കെടുത്ത ഇരുപതിനങ്ങളിൽ നാല് ഒന്നാം സ്ഥാനവും അഞ്ച് രണ്ടാം സ്ഥാനവും മൂന്ന് മൂന്നാം സ്ഥാനവും ഹൈസ്കൂൾ വിഭാഗത്തിൽ നേടി.

പ്ലസ് ടു സയൻസിലെ അനുശ്രീ പാവ നിർമാണത്തിലും ശ്രുതി ബാലൻ റെക്സിൻ നിർമാണത്തിലും സനിഷ പത്മനാഭൻ ത്രെഡ് പാറ്റേണിലും പ്ലസ് വൺ സയൻസിലെ അഖില തഴപ്പായ നിർമാണത്തിലും പ്ലസ് വൺ കോമേഴ്സിലെ അഞ്ജുഷ എൽ പപ്പറ്ററിയിലും ഒന്നാം സ്ഥാനക്കാരായി.







പത്താം തരത്തിലെ സ്റ്റിനിയ ചൂടിപ്പായ നിർമാണത്തിലും ആതിര ഒ പാവ നിർമാണത്തിലും രമ്യ ബാബു പപ്പറ്ററിയിലും പ്രിൻസി ചോക്ക് നിർമാണത്തിലും ഒന്നാം സ്ഥാനത്തെത്തി.

### സുരക്ഷാവാരാചരണം

## മാർഗം കളിയും ഓട്ടൻ തുള്ളലും



വിദ്യാനഗർ: റോഡപകടങ്ങൾ കുറയ്ക്കൽ ലക്ഷ്യമിട്ട് ജില്ലയിൽ നടത്തുന്ന വിവിധ പരിപാടികളുടെ ഭാഗമായി എം ആർ എസ് വിദ്യാർഥിനികൾ അവതരിപ്പിച്ച ഓട്ടൻ തുള്ളലും മാർഗം കളിയും ശ്രദ്ധേയമായി. ഡിസമ്പർ ഏഴു വരെ നടക്കുന്ന പരിപാടികളുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് മൂന്നാം തീയതി കലക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് ഇവർ കലാപരിപാടികൾ അവതരിപ്പിച്ചത്.

ഗതാഗത വകുപ്പിന്റെ നേതൃത്വത്തിലാണ് സുരക്ഷാവാരാചരണം സംഘടിപ്പിച്ചത്. സദാനന്ദൻ സാറിന്റെ സംവിധാനത്തിൽ എട്ടാം ക്ലാസിലെ ബബിതാ ബാലനും സംഘവും മാർഗം കളിയും പത്താം ക്ലാസിലെ സുദിന ഓട്ടൻ തുള്ളലും അവതരിപ്പിച്ചു.

### പ്രവൃത്തി പരിചയ മേള

## റവന്യൂ ജില്ലാ മത്സരങ്ങളിൽ ഇരുപത് പേർ പങ്കെടുക്കും









പരവനടുക്കം : തൃക്കരിപ്പൂരിൽ നടക്കുന്ന കാസർകോട് റവന്യൂ ജില്ലാ സ്കൂൾ പ്രവൃത്തി പരിചയ മേളയിൽ എം ആർ എസിലെ ഇരുപത് വിദ്യാർഥിനികൾ പങ്കെടുക്കും. ഹയർ സെക്കണ്ടറിയിൽ നിന്ന് പതിനൊന്ന് പേരും ഹൈസ്കൂളിൽ നിന്ന് ഒമ്പതു പേരുമാണ് പങ്കെടുക്കുക.

ഉപജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടിയവർക്കൊപ്പം രണ്ടാം സ്ഥാനക്കാരും ജില്ലാ മത്സരത്തിൽ പങ്കെടുക്കാൻ അർഹരാണ്. പ്ലസ് വൺ സയൻസിലെ ഹരിശ്രീ ( ചോക്ക് നിർമാണം ) പ്ലസ് ടു സയൻസിലെ വിജിഷ കെ ( ഫാബ്രിക് പെയിന്റിങ് ) ചിത്ര പി ഗോവിന്ദ് ( വെജിറ്റബിൾ പ്രിന്റിങ് ) പ്ലസ് ടു കോമേഴ്സിലെ ശരണ്യ എം ( നെറ്റ് നിർമാണം ) പ്ലസ് ടു സയൻസിലെ ലേഖ ടി കെ ( പേപ്പർ ക്രാഫ്റ്റ് ) സുമിത ( പ്ലാസ്റ്റർ ഓഫ് പാരീസ് എന്നിവർ ഹയർ സെക്കണ്ടറിയിൽ രണ്ടാം സ്ഥാനക്കാരാണ്.

പത്താം തരത്തിലെ സോനു ( ചിരട്ട കൊണ്ടുള്ള നിർമാണം ) നീതു കെ ( പേപ്പർ ക്രാഫ്റ്റ് ) സിജിന (പ്ലാസ്റ്റർ ഓഫ് പാരീസ് ) രാധിക ടി കെ ( റെക്സിൻ നിർമാണം ) അഞ്ജലി ( തഴയോലപായ ) എന്നിവരും ജില്ലാ മത്സരത്തിൽ പങ്കെടുക്കും.

### മൂന്നാം സ്ഥാനം നേടിയവർ

അഞ്ജുഷ കെ (പ്ലസ് ടു സയൻസ് ) സ്റ്റഫ്ഡ് ടോയ്സ്,രജനി(പ്ലസ് ടു കോമേഴ്സ് )മുത്ത് കോർക്കൽ,അജിത(പ്ലസ് ടു സയൻസ് )വസ്ത്ര നിർമാണം,സിന്ധു(പ്ലസ് ടു സയൻസ്)ചാർട്ട് ബോർഡ്,എന്നിവരും പത്താം തരത്തിലെ മഞ്ജുഷ(മെറ്റൽ എൻഗ്രേവിങ്), സ്വാതി (ചാർട്ട് പേപ്പർ ), രേഷ്മ ( മുത്തു കോർക്കൽ എന്നിവരും പ്രവൃത്തി പരിചയ മേളയിൽ മൂന്നാം സ്ഥാനം നേടി. പത്താം തരത്തിലെ മിഥുന കെ ഐ ടി മേളയിൽ മൾട്ടി മീഡിയ പ്രസന്റേഷനിൽ മൂന്നാം സ്ഥാനം നേടി.

### ഐ ടി മേള

## മലയാളം ടൈപ്പിങ്ങിൽ സുകന്യ



നായന്മാർമൂല : ഉപജില്ലാ ഐ ടി മേളയോടനുബന്ധിച്ച് നടന്ന മലയാളം ടൈപ്പിങ് മത്സരത്തിൽ പത്താം തരം വിദ്യാർഥിനി സുകന്യ ഒന്നാം സ്ഥാനം നേടി.

### ഗണിതമേള

## രണ്ട് രണ്ടാം സ്ഥാനങ്ങൾ

നായന്മാർമൂല : ഉപജില്ലാ ഗണിത മേളയിൽ എം ആർ എസിലെ കുട്ടികൾ രണ്ട് രണ്ടാം സ്ഥാനങ്ങൾ നേടി. പത്താം തരത്തിലെ നിമിഷ പത്മനാഭൻ ( പസിൽ ) ഏഴാം തരത്തിലെ അഹല്യ കെ വി ( ജോമട്രിക്കൽ ചാർട്ട് ) എന്നിവർക്കാണ് രണ്ടാം സ്ഥാനങ്ങൾ ലഭിച്ചത്. ഇവർ ജില്ലാ ഗണിത ശാസ്ത്ര മേളയിൽ മത്സരിക്കും.